# പതിനാലാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം 397 — 20.10.2016 - ൽ മറുപടിയ്ക്ക്

## എല്ലാവർക്കും വീട് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീ. പി. കെ. ശശി<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. എം.എം. മണി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാർ പ്രഖ്യാപിച്ച എല്ലാവർക്കും വീട് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ; | (എ) മുൻ സർക്കാർ പ്രഖ്യാപിച്ച എല്ലാവർക്കും വീട് പദ്ധതിപ്രകാരം ദുർബലവരുമാന വിഭാഗക്കാർക്കുള്ള 7000 വീടുകളുടെ നിർമ്മാണത്തിന് ഹഡ്കോ 231.84 കോടി രൂപ അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ഹഡ്കോയിൽ നിന്നും ധനസമാഹരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 01.02.2016 ലെ സർക്കാർ (എം.എസ്) 06/2016/ഭവനം നമ്പർ ഉത്തരവ് അനുസരിച്ച് ഭൂരഹിതരായ ബി.പി.എൽ വിഭാഗത്തിലുള്ള 75000 കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ടുമെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ/താഴ്ന്ന വരുമാന വിഭാഗത്തിലുള്ള 75000 |

| | | | |
|---|---|---|---|
| | | | കുടുംബങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരുവീട് എന്ന പദ്ധതി പ്രകാരം 22000 വീടുകളും അനുവദിക്കുന്ന എല്ലാവർക്കും വീട് പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 25.02.2016 ലെ സർക്കാർ (എം.എസ്) 15/2016/ഭവനം നമ്പർ ഉത്തരവ് അനുസരിച്ച് പദ്ധതിയുടെ ഒന്നാംഘട്ടം നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. കൂടുതൽ വിപുലമായതും ഗുണകരവുമായ ഭവന നിർമ്മാണ നയത്തിന്റെ ഭാഗമായി ലൈഫ് എന്ന പദ്ധതിക്ക് രൂപം നൽകി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി പെട്രോളിനും ഡീസലിനും അധിക വില്പന നികുതി ചുമത്തി സമാഹരിച്ച തുക ഏതൊക്കെ ആവശ്യത്തിനായി ഏതു തരത്തിൽ വിനിയോഗിച്ചുവെന്ന് അറിയിക്കാമോ ; | (ബി) | പെട്രോൾ - ഡീസൽ എന്നിവയുടെ മേൽ ലിറ്ററിന് 1/- രൂപ നിരക്കിൽ അധിക വില്പന നികുതി ചുമത്തിയിട്ടുണ്ട്. 2016 സെപ്റ്റംബർ 30 വരെ 680.63 കോടി രൂപ ഈ ഇനത്തിൽ |

പിരിച്ചെടുത്തിട്ടുണ്ട്. 01/04/2015 മുതലാണ് അധിക വില്പന നികുതി ഈടാക്കി വരുന്നത്.

2015-16 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 292-ാം ഖണ്ഡികയിൽ ഇപ്രകാരം ഈടാക്കുന്ന അധിക വില്പന നികുതി സ്വന്തം പാർപ്പിടം ഇല്ലാത്ത പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനുള്ള പദ്ധതിക്കായി വിനിയോഗിക്കുന്നതാണ് എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ വിവിധ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായവർക്കെല്ലാം വീട് നിർമ്മിച്ചു നൽകാനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ;

(ഡി) എല്ലാ ഭവനരഹിതർക്കും വീട് നിർമ്മിച്ചു നൽകുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ?

(സി) & (ഡി) സാർവത്രികമായ ഭവന നിർമ്മാണത്തിലൂടെ ഭൂരഹിതർക്കും ഭവന രഹിതർക്കും സമയബന്ധിതമായി വീടുവച്ചു നൽകുന്നതിന് ഒരു പദ്ധതി ആരംഭിക്കുമെന്ന് ബഹു ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലൂടെ പ്രഖ്യാപിച്ചിട്ടുണ്ട്. വിവിധ വിഭാഗത്തിൽപ്പെട്ട ഭവന രഹിതരായവർക്കായി പ്രോജക്ട് ലൈഫ് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കാൻ ചർച്ചകൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ